(ബി) 30-11-2013-ൽ ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ 2-11-2013 തീയതിയിലെ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 102/2013 എന്ന കേസിന്റെ തുടരന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം തേടിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിവരുന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ

263 (265) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ പ്രാഥമിക അന്വേഷണം എത്ര ദിവസത്തിനകം പൂർത്തിയാക്കണമെന്നാണ് സുപ്രീം കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധമായി ഹൈക്കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്താണെന്നറിയാമോ ;

(ബി) നിലവിലുള്ള മന്ത്രിമാർക്കെതിരെ അഴിമതി ആരോപിച്ച കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികൾ എത്രയാണ് ; വെളിപ്പെടുത്തലുകൾ ഏത്രയാണ് ; ഇവയുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മന്ത്രിമാർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണമെന്നും എന്നാൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പരമാവധി 6 ആഴ്ചയ്ക്കുള്ളിൽ അന്വേഷണം തീർപ്പാക്കണമെന്നുമാണ് Lalita Kmari & others Vs State of UP and others എന്ന കേസിലെ സുപ്രീംകോടതിയുടെ തുടർവിധിന്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള മന്തിമാർക്കെതിരെ 34 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 27 പരാതികളിൽ അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലാത്തവ എന്ന് കണ്ട് തീർപ്പാക്കി. 4 പരാതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

സത്വരാന്വേഷണം നടന്നുവരുന്നു. 2 പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. വി.സി.7/13/തൃശ്ശൂർ, വി.സി.18/12/തൃശ്ശൂർ എന്നിവയാണ് അന്വേഷണം നടക്കുന്നത്. ഒരു വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവ് നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് സ്റ്റേയിൽ ആണ്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

264 (266) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണവും ലഭ്യമാക്കുമോ ;

(സി) ഈ കേസ്സുകളിൽ പുനരന്വേഷണം പൂർത്തിയാക്കിയവ എത്ര ; പൂർത്തിയാക്കാത്തവ എത്ര ; വിചാരണ പൂർത്തിയാക്കിയത് എത്ര ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയച്ച പ്രതികളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 4362 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 321 പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(സി) 3122 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 75 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല. 142 കേസുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്. 70 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. 87 പ്രതികളെ വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ നടപടി

265 (267) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly